"ഭരണഭാഷ - മാതൃഭാഷ"

**വളരെ അടിയന്തിരം/**
**സമയബന്ധിതം**

നം.ഐസിഡിഎസ്/ബി7-13437/15

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 4-11-2017

സാമൂഹ്യനീതി ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - രാജീവ് ഗാന്ധി നാഷണൽ ക്രഷ് സ്കീം - ക്രഷുകൾ സർവ്വേയിൽ വിട്ടു പോയത് - റീസർവ്വെ നടത്തണമെന്ന ആവശ്യം - സംബന്ധിച്ച്.

സൂചന :
1) സ.ഉ(കൈ)നം.35/2017/സാനീവ തീയതി 9-8-17.
2) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് ചെയർപേഴ്സൺന്റെ 26-10-17-ലെ KSSWB/CR/Genl/2017-18/247 നമ്പർ കത്ത്.
3) 28-10-17-ലെ സാനീവ ഇ1/13/2016/സാ.നീ.വ നമ്പർ സർക്കാർ കത്ത്.

രാജീവ് ഗാന്ധി നാഷണൽ ക്രഷ് സ്കീം പ്രകാരം രാജ്യത്ത് പ്രവർത്തിക്കുന്ന എല്ലാ ക്രഷുകളുടേയും പ്രവർത്തനം 1-1-2017 മുതൽ ബന്ധപ്പെട്ട സംസ്ഥാന /കേന്ദ്ര ഭരണപ്രദേശങ്ങളിലെ സർക്കാരുകൾ മുഖേന നടത്തുവാനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ടി പദ്ധതി പ്രകാരം പ്രവർത്തന ക്ഷമമായ ക്രഷുകളെപ്പറ്റി വകുപ്പിലെ പ്രോഗ്രാം ഓഫീസർമാർ മുഖേന സർവ്വെ നടത്തുകയും അതിൻ പ്രകാരം ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യക്ഷേമ ബോർഡിനു കീഴിൽ പ്രവർത്തന ക്ഷമമാണെന്ന് കണ്ടെത്തിയ 351 ക്രഷുകളും സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ കീഴിലുള്ള 220 ക്രഷുകളും ഉൾപ്പെടെ 571 ക്രഷുകൾ സംസ്ഥാനതലത്തിൽ ഏറ്റെടുക്കുന്നതിന് സൂചന (1) പ്രകാരം ഭരണാനുമതി ലഭ്യമാകുകയും ചെയ്തിരുന്നു.

എന്നാൽ സർക്കാർ ഏറ്റെടുത്തിട്ടുള്ളതായ ക്രഷുകളുടെ ലിസ്റ്റിൽ സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന 334 ക്രഷ് യൂണിറ്റുകൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും പ്രവർത്തന ക്ഷമമായ 161 ക്രഷുകൾ കൂടി സാമൂഹ്യക്ഷേമ ബോർഡിനു കീഴിലുണ്ടെന്നും ആയവ കൂടി സർക്കാർതലത്തിൽ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്നും സൂചന (2) പ്രകാരം കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് ചെയർപേഴ്സൺ ആവശ്യപ്പെട്ടിരിക്കുകയാണ്. സാമൂഹ്യ ക്ഷേമ ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന പ്രവർത്തനക്ഷമമായ ക്രഷ് യൂണിറ്റുകൾ വിട്ടുപോയതായി സർക്കാരിൽ നിവേദനങ്ങൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയതിൽ പിഴവ് വന്നിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സൂചന (3) പ്രകാരം സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡുമായി ബന്ധപ്പെട്ട് ടി സ്ഥാപനത്തിനു കീഴിൽ RGNCS പ്രകാരം താങ്കളുടെ ജില്ലയിൽ പ്രവർത്തിക്കുന്ന ക്രഷുകളുടെ ലിസ്റ്റ് ലഭ്യമാക്കി, റീ സർവ്വെ നടത്തി അവയിൽ പ്രവർത്തനക്ഷമമായ ക്രഷുകളുടെ വിശദ വിവരം ഇതോടൊപ്പംഉള്ളടക്കം ചെയ്തിരിക്കുന്ന പ്രൊഫോർമയിൽ ഈ കത്ത് തീയതി മുതൽ **ഒരാഴ്ചയ്ക്കുള്ളിൽ** ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു. ഇപ്രകാരം റീസർവ്വെ നടത്തി റിപ്പോർട്ട് തയ്യാറാക്കുമ്പോൾ താങ്കളുടെ ആദ്യ സർവ്വേയിലെ റിപ്പോർട്ടുമായി വ്യത്യാസമുണ്ടോയെന്ന് പരിശോധിക്കേണ്ടതും, വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ ഇപ്രകാരം എന്തുകൊണ്ട് സംഭവിച്ചു എന്ന് വ്യക്തമാക്കുന്ന വസ്തുനിഷ്ഠവും കൃത്യവുമായ റിപ്പോർട്ട് സഹിതം പ്രവർത്തനക്ഷമമായ എല്ലാ ക്രഷു - കളുടേയും ലിസ്റ്റ് ലഭ്യമാക്കേണ്ടതുമാണ്. ടി വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഇതിന് **പ്രഥമ പരിഗണന** നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

ഉള്ളടക്കം : പ്രൊഫോർമ

ജികെ/ 6-11-17

## PROFORMA

Name of District :

| Sl. No. | Name & Address of Creche Centre | Imple-menting agency | Whether Crèche functional/ non functional | No.of workers | No.of Helpers | No.of Children | Tim -ing | Nutriti on Provid or Not | Nearest AWC No& Name of ICDS Project. Distance From the AWC in KM |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |